DESPATCHED
On.9/3/23...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 228*(2)/2022*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **9357**/*എസ്.ഐ.സി-ജി 6/22*)
സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.സാജിത് അമീൻ എ.എം.,**
**സെയ്ഫാ മൻസിൽ,**
**എടവനശ്ശേരി, മൈനാഗപ്പള്ളി പി.ഒ.,**
**കൊല്ലം – 690 519.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**ജൂനിയർ സൂപ്രണ്ട് –(LRM),**
**താലൂക്ക് ഓഫീസ്, കാഞ്ഞിരപ്പള്ളി, കോട്ടയം,**
**പിൻ – 686 507.** } **എതിർകക്ഷി**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13.05.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15.06.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 20.06.2022 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 20.06.2022 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. സാജിത് അമീൻ എ.എം., 20.06.2022ന് സമർപ്പിച്ച പരാതി ഹർജി അന്നേദിവസംതന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.228(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി ലഭ്യമാക്കിയില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. പരാതി ഹർജിക്കാരൻ 13.05.2022ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) എരുമേലി തെക്ക് വില്ലേജിൽ 20-ാം വാർഡിൽ ബ്ലോക്ക് 24ൽ സർവ്വെ 92/16ൽ താമസിക്കുന്ന അജി, വെട്ടിയാനിയ്ക്കൽ ജാസ്മി, വെട്ടിയാനിയ്ക്കൽ വീട് നമ്പർ യഥാക്രമം 876, 877 എന്നിവർ പഞ്ചായത്തിന്റെ തോട് പുറംപോക്ക് ഭൂമി കയ്യേറി നിർമ്മാണം നടത്തിയതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ എരുമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഓഫീസിൽ നിന്നും No.A4-6145/2019-30.07.2019, 09.01.2020, 17.01.2020 ഒടുവിൽ 13.03.2022 തീയതിയിൽ അളന്ന് തിട്ടപ്പെടുത്തി ലഭിക്കുന്നതിന് കത്തു നൽകിയിരുന്നുവെന്നും മേൽ നമ്പർ പ്രകാരം മേൽപ്പടി തീയതികളിൽ ടി ഓഫീസിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ, ഫയൽ നമ്പർ, തീയതികൾ സഹിതം ലഭ്യമാക്കണമെന്നും

2) ചോദ്യം 1ൽ സൂചിപ്പിച്ചിട്ടുള്ള ഭാഗം അളന്നിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണമെന്നും

3) അളവ് നടന്നിട്ടില്ല എങ്കിൽ ടി ഓഫീസിന് അളവ് നടപടികൾക്കായി വേണ്ടിവരുന്ന കാലയളവ് എത്രയെന്ന് ലഭ്യമാക്കണമെന്നുമാണ്. ആയതിന് 15.06.2022ന് മറുപടി നൽകിയതായി കാണുന്നു.

4. എതിർകക്ഷി 30.06.2022ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് ടി കാര്യാലയത്തിൽ 315/20 നമ്പരായി ഫയൽ നിലവിലുണ്ടായിരുന്നതും ആയത് അളവ് നടപടികളുടെ ഭാഗമായി താലൂക്ക് സർവ്വെയറുടെ കൈവശത്തിലുള്ളതുമായിരുന്നുവെന്നും ഫയൽ പ്രകാരം 07.06.2022ൽ അളവ് നിശ്ചയിച്ചിരുന്നുവെങ്കിലും പ്രതികൂല കാലാവസ്ഥ കാരണം അളവ് നടന്നിട്ടില്ലാത്തതും 21.06.2022ലേയ്ക്ക് പുതുക്കിയ തീയതി നിശ്ചയിച്ചിട്ടുള്ളതുമായിരുന്നുവെന്നാണ്. ടി വിവരങ്ങൾ കാണിച്ചുകൊണ്ട് ഹർജിക്കാരന് 15.06.2022ന് മറുപടി നൽകിയിട്ടുള്ളതാണെന്നും മറുപടി ലഭിച്ചില്ല എന്നു കാണിച്ചുകൊണ്ട് ടിയാൻ ടി കാര്യാലയത്തിൽ അപ്പീൽ സമർപ്പിക്കുകയോ പരാതി നൽകുകയോ ചെയ്തിട്ടില്ലെന്നുമാണ്.

5. 23.01.2023 തീയതി കമ്മീഷൻ കോട്ടയം റെസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ എതിർകക്ഷി ഹാജരായിരുന്നു. പരാതി ഹർജിക്കാരൻ ഹാജരായില്ല.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയി

ട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. കൂടാതെ തെറ്റായ റിപ്പോർട്ടാണ് കമ്മീഷനിൽ എതിർകക്ഷി സമർപ്പിച്ചിരിക്കുന്നത്. ടി വീഴ്ച ഗുരുതരമാകയാൽ പരാമർശിത കാലയള വിലെ എതിർകക്ഷിയ്ക്ക് വീഴ്ച സംഭവിച്ചതായി കമ്മീഷനു ബോധ്യമാകുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പ്രസ്തുത എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാ ണെന്നു കാണുന്നതിനാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പി ക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

7. മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 13-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/